വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ സ്ഥാപനങ്ങളുടെ പ്രതിസന്ധിക്ക് മുഖ്യകാരണം പച്ചമരുന്നുകളുടെ ലഭ്യതക്കുറവും അസംസ്കൃത ഔഷധങ്ങളുടെ വിലവർദ്ധനയുമാണ്. കൂടാതെ ലഭിക്കുന്ന പച്ചമരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായുള്ള സംവിധാനം ഇല്ലാം കുറവാണെന്നതും കേന്ദ്ര ആയുഷ് ഡിപ്പാർട്ട്മെന്റ് ഔഷധ നിർമ്മാണശാലകൾക്ക് ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നിർബന്ധമാക്കിയത് പ്രാവർത്തികമാക്കുവാൻ ചെറുകിട സ്ഥാപനങ്ങൾക്ക് സാധിക്കാതെ വന്നതും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

(ബി) ഉണ്ട്. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയോ നിലവിലെ ലൈസൻസ് പുതുക്കി നൽകുകയോ ചെയ്യേണ്ട എന്ന് ആയുഷ് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ആയുർവ്വേദ ഔഷധ നിർമ്മാതാക്കളും ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിന് അനുസൃതമായി ഷെഡ്യൂൾ ടി നോംസ് പൂർണ്ണമായി നടപ്പിലാക്കണമെന്ന് സംസ്ഥാന ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം അറിയിക്കുകയുണ്ടായി. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാമ്പത്തികം അനുവദിക്കാത്ത പല നിർമ്മാതാക്കളും ലൈസൻസ് സറണ്ടർ ചെയ്യുകയോ സ്ഥാപനം നിർത്തുകയോ ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

മരുന്നിന്റെയും സാമ്പിളുകളുടെയും ഗുണനിലവാരം

120 (4406) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ലാബുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ മരുന്നിന്റേയും സാമ്പിളുകളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) കഴിഞ്ഞ 12 മാസത്തിനിടെ ഗുണനിലവാരമില്ലാത്ത എത്ര മരുന്നുകൾ പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞു; പ്രസ്തുത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ നിലവിൽ 2 ഔഷധ പരിശോധനാ ലബോറട്ടറികളാണുള്ളത്. അവ തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയാണ്.

(ബി) ഇല്ല. കേന്ദ്ര നിയമത്തിലെ ഷെഡ്യൂൾ എം (Good Manufacturing Practices) പ്രകാരം ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനികളിൽ നിർമ്മിക്കുന്ന മരുന്നുകൾ ഓരോ ബാച്ചും തീവ്രമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷമാണ് വിൽപ്പനയ്ക്കായി വിപണിയിൽ എത്തിക്കുന്നത്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ വിപണിയിൽ എത്തുന്ന മരുന്നുകൾ പരിശോധനയ്ക്കായി എടുക്കാറുണ്ട്.

(സി) കഴിഞ്ഞ 12 മാസത്തിനിടെ 129 മരുന്നുകൾ, ഗുണനിലവാരമില്ലാത്തതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മരുന്നുകളുടെ വിൽപ്പന, ഡ്രഗ്സ് കൺട്രോൾ വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ തടയുകയും മരുന്ന് നിർമ്മാതാക്കൾക്കെതിരെ പ്രോസിക്യൂഷൻ/വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

ഔഷധ സംഭരണത്തിന്റെ ചെലവ്

121 (4407) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ഔഷധ സംഭരണത്തിന് ചെലവാക്കിയ തുകയെത്രയാണ്;

(ബി) സർജിക്കൽ ഉപകരണങ്ങളും എക്സ്-റേ മെഷീനുകളും സ്കാനറുകളും മറ്റും സ്ഥാപിക്കാൻ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം ഔഷധ സംഭരണത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഇതുവരെ 137.76 കോടി രൂപ ചെലവായി.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly